**കേരള സർക്കാർ**
**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - വിജിലൻസ് മിന്നൽ പരിശോധന - മഞ്ചേരി നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ.എം. മുഹമ്മദ് ഹുവൈസ്, റവന്യൂ ഇൻസ്പെക്ടർമാരായിരുന്ന ശ്രീ. കെ. മുകുന്ദൻ, ശ്രീ.കെ.വി. രാജേന്ദ്രൻ എന്നിവർക്കെതിരെ ആരംഭിച്ച അച്ചടക്ക നടപടി അവസാനിപ്പിച്ച് - ഉത്തരവ് .പുറപ്പെടുവിക്കുന്നു.

==========================================================================

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം. 1346/2017/തസ്വഭവ. തീയതി, തിരുവനന്തപുരം, 26.04.2017.

==========================================================================

**പരാമർശം :** 1) വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 30.09.2013 തീയതിയിലെ E10(SC 35/13/MPM) 12263/2013 നമ്പർ കത്ത്.

2) മഞ്ചേരി നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. മുഹമ്മദ് ഹുവൈസ്, ടി നഗരസഭയിലെ റവന്യു ഇൻസ്പെക്ടർമാരായിരുന്ന ശ്രീ.കെ. മുകുന്ദൻ, ശ്രീ.കെ.പി. രാജേന്ദ്രൻ എന്നിവർക്ക് നൽകിയ 22.01.2014 തീയതിയിലെ കുറ്റാരോപണ മെമ്മോ.

3) കുറ്റാരോപണ മെമ്മോയ്ക്ക് ശ്രീ. മുഹമ്മദ് ഹുവൈസ് സമർപ്പിച്ച 26.03.2014 തീയതിയിലെ പ്രതിവാദ പത്രിക.

4) കുറ്റാരോപണ മെമ്മോയ്ക്ക് ശ്രീ. കെ.പി. രാജേന്ദ്രൻ സമർപ്പിച്ച 08.07.2014 തീയതിയിലെ പ്രതിവാദ പത്രിക.

5) കുറ്റാരോപണ മെമ്മോയ്ക്ക് ശ്രീ. ടി.എം. മുകുന്ദൻ സമർപ്പിച്ച 22.07.2014 തീയതിയിലെ പ്രതിവാദ പത്രിക.

6) നഗരകാര്യ ഡയറക്ടറുടെ 04.08.2014, 23.08.2016 തീയതികളിലെ വി2-2822/14 നമ്പർ കത്തുകൾ.

**ഉത്തരവ്**

മഞ്ചേരി നഗരസഭയിൽ തൊഴിൽകരം പിരിക്കുന്നതിലെ ക്രമക്കേട് സംബന്ധിച്ച ആരോപണത്തിന്മേൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ മലപ്പുറം യൂണിറ്റ് 30.5.2013 തീയതിയിൽ മഞ്ചേരി നഗരസഭയിൽ നടത്തിയ വിജിലൻസ് മിന്നൽ പരിശോധനയിൽ താഴെ പറയുന്ന ക്രമക്കേടുകൾ കണ്ടെത്തി.

1) 2012-2013 വർഷത്തിന്റെ ഒന്നാം പകുതി രണ്ടാംപകുതി എന്നിവയിലെ 2,01,811/- രൂപയുടെ തൊഴിൽകര കുടിശ്ശിക തിരിച്ചു പിടിക്കുന്നതിന് നഗരസഭയിലെ ജീവനക്കാർ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല.

2) മഞ്ചേരി പ്രശാന്തി ഹോസ്പിറ്റലിൽ സേവനമനുഷ്ഠിച്ചിരുന്ന 77 ജീവനക്കാരിൽ 16 പേർ 2012-2013 വർഷത്തിലെ രണ്ടാം പകുതിയിലെ തൊഴിൽകരം അടച്ചിരുന്നില്ല.

3) മഞ്ചേരി അഹല്യ ഹോസ്പിറ്റലിൽ സേവനമനുഷ്ഠിച്ചിരുന്ന 18 ജീവനക്കാരിൽ 2 പേർ 2012-2013 വർഷത്തിലെ രണ്ടാം പകുതിയിലെ തൊഴിൽകരം അടച്ചിരിന്നില്ല.

4) സ്ഥിരമായി പ്രാക്ടീസ് ചെയ്യുന്ന ഏകദേശം 100 ഓളം വക്കീലന്മാരിൽ 76 പേർ 2012-13 വർഷത്തിന്റെ രണ്ടാം പകുതിയിലെ തൊഴിൽകരം അടച്ചിരുന്നില്ല.

2. ഇതിന് ഉത്തരവാദികളായ മഞ്ചേരി മുനിസിപ്പൽ സെക്രട്ടറി ശ്രീ. മുഹമ്മദ് ഹുവൈസ്, ടി നഗരസഭയിലെ റവന്യൂ ഇൻസ്പെക്ടർ-മാരായിരുന്ന ശ്രീ.കെ. മുകുന്ദൻ, ശ്രീ.കെ.പി. രാജേന്ദ്രൻ എന്നിവർക്ക് പരാമർശം 2 പ്രകാരം കുറ്റാരോപണ മെമ്മോ നൽകി.

3. ശ്രീ. മുഹമ്മദ് ഹുവൈസ് കുറ്റാരോപണ മെമ്മോയ്ക്ക് നൽകിയ പരാമർശം മൂന്നിലെ പ്രതിവാദ പത്രികയിൽ 30.05.2013-ലെ വിജിലൻസ് മിന്നൽ പരിശോധന സമയത്ത് ക്രമക്കേടുകൾ സംബന്ധിച്ച് ടിയാന്റെ യാതൊരു വിശദീകരണവും തേടിയിരുന്നില്ലെന്നും, 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ സെക്ഷൻ 50(2) പ്രകാരം നികുതി പിരിവ്, നികുതി പിരിവിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കുന്നതിനും റവന്യു ഓഫീസർമാർക്ക് അധികാരം കൈമാറി ഉത്തരവായിട്ടുണ്ടെന്നും, നഗരസഭയിലെ കാര്യനിർവ്വഹണ ഉദ്യോഗസ്ഥൻ എന്ന നിലയിൽ ഭാരിച്ച ഉത്തരവാദിത്വങ്ങൾ നിറവേറ്റേണ്ടതിനാൽ നികുതി പിരിവിലെ അപാകതകൾ ടിയാന്റെ ശ്രദ്ധയിൽ വന്നിട്ടില്ലെന്നും ആകയാൽ ടിയാൻ കുറ്റക്കാരനല്ലെന്നും ബോധിപ്പിച്ചിട്ടുണ്ട്. കുറ്റാരോപണ പത്രികയിലെ ക്രമക്കേടുകൾക്ക് ടിയാനുമായി നേരിട്ട് ബന്ധമില്ലാത്തതിനാൽ കുറ്റക്കാരനല്ലെന്നും ആകയാൽ കുറ്റവിമുക്തനാക്കണമെന്നും അപേക്ഷിട്ടുണ്ട്.

4. ശ്രീ. കെ.പി. രാജേന്ദ്രൻ സമർപ്പിച്ച പരാമർശം നാലിലെ പ്രതിവാദ പത്രികയിൽ 2012-13 ൽ കുടിശ്ശിക ഡിമാന്റ് 3,71,466/- രൂപയും കറന്റ് ഡിമാന്റ് 98,78,777/- രൂപയും കൂടി മൊത്തം 1,02,50,243/- രൂപയാണെന്നും അതിൽ പ്രസ്തുത സാമ്പത്തിക വർഷം അവസാനിപ്പിച്ച് സർക്കാരിലേക്ക് സമർപ്പിച്ച റിപ്പോർട്ടിൽ പിരിച്ചെടുക്കാനുള്ള ആ വർഷത്തെ മൊത്തം കുടിശ്ശികയായ 3,71,466/- രൂപയിൽ സപ്ലിമെന്ററി ഡിമാന്റ് ഉൾപ്പെടെ 3,75,624/- രൂപ പിരിച്ചെടുത്തിട്ടുണ്ടെന്നും 2012-13 വർഷത്തെ നഗരസഭയിലെ മൊത്തം തൊഴിൽ നികുതി പിരിവ് കുടിശ്ശികയടക്കം 99,82,778/- രൂപയും പിരിവ് ശതമാനം 97.39 ഉം ആണെന്നും പിരിവിൽ വീഴ്ച വരുത്തിയിട്ടില്ലെന്നും ബോധിപ്പിച്ചിട്ടുണ്ട്.

5. ശ്രീ. ടി.എം. മുകുന്ദൻ സമർപ്പിച്ച പരാമർശം അഞ്ചിലെ പ്രതിവാദ പത്രികയിൽ വടകര നഗരസഭയിൽ യു.ഡി. ക്ലാർക്കായി ജോലി ചെയ്തു വരവെ റവന്യൂ ഇൻസ്പെക്ടറായി പ്രമോഷൻ ലഭിച്ച് മഞ്ചേരി നഗരസഭയിൽ നിയമിക്കപ്പെട്ട പ്രകാരം 04.10.2011 നാണ് താൻ മഞ്ചേരി നഗരസഭയിൽ ജോലിയിൽ പ്രവേശിച്ചതെന്നും 2012-13 കാലത്ത് മഞ്ചേരി നഗരസഭയുടെ തൊഴിൽ നികുതി കുടിശ്ശിക ഡിമാന്റ് 3,21,416/- രൂപയും തന്നാണ്ടത്തെ ഡിമാന്റ് 9,87,877/- രൂപയുമായിരുന്നുവെന്നും 2012-13 കാലത്തെ തൊഴിൽ നികുതി പിരിവ് ശതമാനം 97.39 ഉം ആയത് മുൻ വർഷത്തേതിനേക്കാൾ 3.04 ശതമാനം കൂടുതലുമാണെന്നും 2012-13 കാലയളവിൽ താൻ ജോലി ചെയ്തിരുന്ന 10.12.2012

വരെ നഗരസഭയുടെ റവന്യു ഇൻസ്പെക്ടർ എന്ന നിലയിലുള്ള തന്റെ ഉത്തരവാദിത്വം നിറവേറ്റുന്നതിന് തന്റെ കഴിവിന്റെ പരമാവധി ശ്രമിച്ചിട്ടുണ്ടെന്നും തൊഴിൽ നികുതി പിരിച്ചെടുക്കുന്നതിന് പരമാവധി ശ്രദ്ധിച്ചിട്ടുണ്ടെന്നും 2012-13 I, II അർദ്ധ വർഷങ്ങളിൽ മഞ്ചേരി നഗരസഭയിലെ റവന്യൂ ഇൻസ്പെക്ടർ എന്ന നിലയിൽ താൻ നൽകിയ സ്ഥാപനങ്ങളുടെ ലിസ്റ്റിൽ ഏതെങ്കിലും സ്ഥാപനം ഉൾപ്പെടാതിരുന്നതായി അന്വേഷണത്തിൽ കണ്ടെത്തിയതായി കാണുന്നില്ലെന്നും ബോധിപ്പിച്ചിട്ടുണ്ട്. കൂടാതെ ഏതെങ്കിലും സ്ഥാപനം എല്ലാ ജീവനക്കാരുടെയും ലിസ്റ്റ് സമർപ്പിക്കാതിരിക്കുകയോ, എല്ലാ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി പിരിച്ചെടുത്ത് ഓഫീസിൽ യഥാസമയം ഒടുക്കുകയോ ചെയ്യുന്നില്ലെങ്കിൽ സ്ഥാപന മേധാവികൾക്കെതിരെ മുനിസിപ്പൽ നിയമപ്രകാരം നടപടികൾ സ്വീകരിക്കാമെങ്കിലും അങ്ങനെയുള്ള പരാതികളൊന്നും താൻ ജോലി ചെയ്ത കാലയളവിൽ മഞ്ചേരി നഗരസഭയിൽ ഉണ്ടായിട്ടില്ലെന്നും, മഞ്ചേരി പ്രശാന്തി ഹോസ്പിറ്റലിൽ തൊഴിൽ നികുതി ഒടുക്കാതിരുന്ന 16 പേർ ട്രെയിനികളാണെന്നും ആശുപത്രിയിൽ നിന്ന് ഇവർക്ക് സാമ്പത്തിക ആനുകൂല്യങ്ങളൊന്നും തന്നെ നൽകിയിരുന്നില്ലെന്ന് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും ആയതിനാൽ ഇക്കാര്യത്തിൽ മന:പ്പൂർവ്വമായ യാതൊരു വീഴ്ചയും തന്റെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ലെന്നും മഞ്ചേരി അഹല്യ ആശുപത്രിയിൽ 2012-13 സേവനമനുഷ്ഠിച്ചിരുന്ന 18 പേരിൽ 2 പേർ തൊഴിൽ നികുതി ഒടുക്കിയില്ലെന്ന് ആരോപിക്കുന്നുണ്ടെങ്കിലും 2012-ൽ പ്രസ്തുത ആശുപത്രിയിൽ ജോലി ചെയ്തിരുന്ന ജിയോ ജേക്കബ് 15.03.2012 നും ശ്രീമതി. ഗ്രീഷ്മ 01.04.2012 നും ആശുപത്രിയിൽ നിന്നും ജോലി രാജി വച്ച് പോയിട്ടുള്ളതാണെന്നും 2012-13 ഒന്നാം അർദ്ധ വർഷം 60 ദിവസത്തിൽ കുറഞ്ഞ കാലയളവിൽ മാത്രമേ മേൽപ്പറഞ്ഞവർ അഹല്യ ആശുപത്രിയിൽ സേവനമനുഷ്ഠിച്ചുള്ളൂ എന്നതിനാൽ അവർ മഞ്ചേരി നഗരസഭയിൽ തൊഴിൽ നികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരല്ലെന്ന് കാണാവുന്നതാണെന്നും ആയതിനാൽ ഇക്കാര്യത്തിൽ മന:പ്പൂർവ്വമായ യാതൊരു വീഴ്ചയും തന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ലെന്നും ബോധിപ്പിച്ചിട്ടുണ്ട്. മലപ്പുറം ജില്ലാ കോടതിയുടെ ആസ്ഥാനമായ മഞ്ചേരിയിൽ രജിസ്റ്റർ ചെയ്യുന്ന വക്കീൽമാരിൽ പലരും പൊന്നാനി, മലപ്പുറം, പെരിന്തൽമണ്ണ, തിരൂർ തുടങ്ങിയ മറ്റ് നഗരസഭാ പരിധിയിലെ കോടതികളിലും പ്രവർത്തിച്ചു വരുന്നവരായതിനാൽ തന്നെ പലരും മറ്റ് തദ്ദേശ സ്വയംഭരണ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തൊഴിൽ നികുതി ഒടുക്കി വരുന്നവരാണെന്നും 2012-13 രണ്ടാം അർദ്ധ വർഷം തൊഴിൽ നികുതി ഒടുക്കാത്ത വക്കീൽമാർക്ക് നോട്ടീസ് നൽകിയ പ്രകാരം 24 പേർ തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ടെന്നും മറ്റുള്ളവർക്ക് നോട്ടീസ് നൽകി നികുതി ഈടാക്കുന്നതിന് മഞ്ചേരി നഗരസഭ തുടർ നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്നും ബോധിപ്പിച്ചിട്ടുണ്ട്. 2012-13 രണ്ടാം അർദ്ധ വർഷം രണ്ടു മാസം മാത്രമേ താൻ മഞ്ചേരി നഗരസഭയിൽ ജോലി ചെയ്തിട്ടുള്ളൂവെന്നും 10.12.2012-ന് വടകര നഗരസഭയിലേക്ക് സ്ഥലം മാറ്റം ലഭിച്ച പ്രകാരം തന്നെ മഞ്ചേരി നഗരസഭയിൽ നിന്ന് വിടുതൽ ചെയ്തതിനാൽ ആയതിനാൽ ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കാൻ തനിക്കു കഴിയുമായിരുന്നില്ലെന്നും ആയതിനാൽ തന്നെ കുറ്റവിമുക്തനാക്കണമെന്നും അപേക്ഷിച്ചിട്ടുണ്ട്.

7. 2012-13 ൽ പിരിച്ചെടുക്കേണ്ട തൊഴിൽ നികുതിയുടെ 94.26% പിരിച്ചെടുത്തിട്ടുണ്ടെന്നും പ്രശാന്തി ഹോസ്പിറ്റലിൽ തൊഴിൽ നികുതി അടച്ചില്ല എന്ന് വിജിലൻസ് ചൂണ്ടിക്കാണിച്ച 16 പേർ ട്രെയിനികളും, അഹല്യാ ഹോസ്പിറ്റലിലെ തൊഴിൽ നികുതി ഒടുക്കാത്ത രണ്ട് പേർ 03/12ൽ ആ ഹോസ്പിറ്റലിലെ ജോലി ഉപേക്ഷിച്ച് പോയവരാണെന്നും കൂടാതെ അഭിഭാഷകർക്ക് തൊഴിൽ നികുതി ഒടുക്കുവാൻ നോട്ടീസ് നൽകിയിട്ടുണ്ടെന്നും നഗരകാര്യ ഡയറക്ടർ പരാമർശം ആറ് പ്രകാരം അറിയിച്ചു.

8. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഈ കേസിലെ കുറ്റാരോപിതരുടെ ഭാഗത്ത് എന്തെങ്കിലും കുറ്റകരമായ അനാസ്ഥ ഉള്ളതായിക്കാണുന്നില്ല. എന്നാൽ നികുതി ഒടുക്കുന്നതിന് അഭിഭാഷകർക്ക് നോട്ടീസ് പിന്നീടാണ് നൽകിയിരിക്കുന്നത്. റവന്യു ഇൻസ്പെക്ടർ ശ്രീ. പി.കെ. രാജേന്ദ്രനും, ശ്രീ. ടി.എം. മുകുന്ദനും സർവ്വീസിൽ നിന്നും 31.05.2015, 31.05.2016 തീയതികളിൽ റിട്ടയർ ചെയ്തു കഴിഞ്ഞു. ഇതൊരു കറപ്ഷൻ കേസല്ല, സർക്കാരിനോ മഞ്ചേരി മുനിസിപ്പാലിറ്റിക്കോ ജീവനക്കാർ മനഃപ്പൂർവ്വം ധനനഷ്ടം വരുത്തി വരുത്തിയിട്ടില്ല.

9. മേൽ സാഹചര്യത്തിൽ, മഞ്ചേരി നഗരസഭയിൽ തൊഴിൽകരം പിരിക്കുന്നതിലെ ക്രമക്കേട് സംബന്ധിച്ച ആരോപണത്തിന്മേൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ മലപ്പുറം യൂണിറ്റ് 30.5.2013 തീയതിയിൽ മഞ്ചേരി നഗരസഭയിൽ നടത്തിയ വിജിലൻസ് മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകൾക്ക് ഉത്തരവാദികളായി കണ്ടെത്തിയ മുനിസിപ്പൽ സെക്രട്ടറി ശ്രീ. എം. മുഹമ്മദ് ഹുവൈസിനെതിരായ അച്ചടക്ക നടപടി ടിയാന് 'താക്കീത്' എന്ന ശിക്ഷ നൽകിക്കൊണ്ടും ശ്രീ. കെ. മുകുന്ദൻ, ശ്രീ. കെ.പി. രാജേന്ദ്രൻ എന്നീ റിട്ട. റവന്യു ഇൻസ്പെക്ടർമാർക്കെതിരായ അച്ചടക്ക നടപടി നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അവസാനിപ്പിച്ചും ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എസ്. മോഹൻദാസ്,**
**ജോയിന്റ് സെക്രട്ടറി.**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (എ&ഇ/ആഡിറ്റ്), കേരള, തൃശൂർ
ബന്ധപ്പെട്ട ജീവനക്കാർക്ക്.(നഗരകാര്യ ഡയറക്ടർ മുഖേന)
എക്സി. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വിജിലൻസ് വകുപ്പ് (21.12.2016 ലെ 12566/D1/2016/വിജി. നമ്പർ പ്രകാരം).
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**അംഗീകാരത്തോടെ,**

**സെക്ഷൻ ഓഫീസർ**